# തപസ്സുകാല സന്ദേശം - 2016

*Prot. No.03/2016/Cir.*

വന്ദ്യ വൈദികരെ, സന്ന്യസ്തരെ, വത്സല മക്കളെ,

ആത്മവിശുദ്ധിയുടെ നിറവിൽ വീണ്ടുമൊരു തപസ്സുകാലത്തേയ്ക്ക് നാം പ്രവേശിക്കുകയാണ്. "ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്" (മത്താ. 9, 13) എന്ന വചനത്തെ ആസ്പദമാക്കി ധ്യാനിക്കാനും പ്രവർത്തിക്കാനും കരുണയുടെ ആഘോഷമാക്കി ഈ പുണ്യദിനങ്ങളെ മാറ്റാനും പരിശുദ്ധ ഫ്രാൻസിസ് പാപ്പ നമ്മോടാഹ്വാനം ചെയ്യുന്നു. പ്രാർത്ഥനയുടെയും കാരുണ്യപ്രവർത്തികളുടെയും തപശ്ചര്യകളുടെയും സുകൃതങ്ങൾ പേറുന്നതാവണം ഈ നോമ്പുകാലം. അതിനു പ്രേരകമായി മാറേണ്ടത് കുരിശിലെ കാരുണ്യമാണ്. സമ്പൂർണ്ണമായ കാരുണ്യം ലോകത്തിന്റെ മേൽ ചൊരിയപ്പെട്ടത് കാൽവരിയുടെ വിരിമാറിലെ കുരിശിൽനിന്നാണ്. ദൈവത്തിന്റെ വചനം പ്രാർത്ഥനാരൂപിയിൽ ഹൃദയത്തിൽ സംഗ്രഹിക്കുകയും ദൈവകാരുണ്യം പ്രവർത്തികളിലൂടെ ലോകത്തോട് പ്രഖ്യാപിക്കുകയും ചെയ്യണം. പരിശുദ്ധാരൂപിയിലൂടെ നിറവേറപ്പെട്ട സുവിശേഷവത്കരണമാണ് കന്യകയായിരുന്ന പരിശുദ്ധ മറിയത്തിന്റെ ഉദരത്തെ ഫലമണിയിച്ചത്. ആ ആത്മാവിന്റെ പ്രേരണയാൽ സ്വയം സമർപ്പിക്കാനും, അരികെയിരുന്ന് അപരന്റെ നൊമ്പരങ്ങൾ ഒപ്പാനും, ദരിദ്രനിൽ ക്രിസ്തുവിന്റെ മുഖം ദർശിക്കാനും നമുക്കേവർക്കും കഴിയണം.

ദൈവവും ഇസ്രയേൽ ജനവുമായുള്ള ബന്ധത്തിന്റെ ചരിത്രത്തിൽ നിന്നാണ് ദൈവത്തിന്റെ കരുണ വെളിവാക്കപ്പെടുന്നത്. പുത്രനായ ദൈവമാണ് അനന്തമായ കാരുണ്യത്തിന്റെ അവതാരമായി പരിലസിക്കുന്നത്. പാപികൾ തന്റെ അടുത്തേക്ക് വരാനായി ചിതറിക്കപ്പെട്ട ശരീരമാണ് ക്രിസ്തുവിന്റേത്. ക്രൂശിതനായ ക്രിസ്തുവിന്റെ അടുക്കലേക്കുള്ള തിരിച്ചുവരവിൽ കഠിനമായ ഹൃദയം മാംസളമായി മാറ്റപ്പെടുന്നു. അതൊരു പ്രതീക്ഷയാണ്. ആ ദിവ്യവും വിശ്വസ്തവുമായ സ്നേഹത്തിന്റെ അനുഭവത്തിലൂടെ കാരുണ്യത്തിന്റെ പ്രതിരൂപങ്ങളായി മാറാൻ ഈ പ്രതീക്ഷ നമ്മെ പ്രേരിപ്പിക്കുന്നു.

മുറിവേല്പിക്കപ്പെട്ട യേശുവിന്റെ മുഖമാണ് പാവപ്പെട്ടവനിൽ നാം ദർശിക്കേണ്ടത്. പാവപ്പെട്ടവനെ അറിയുന്നതിനും, മൃദുവായി അവനെ സ്പർശിക്കുന്നതിനും, അവനെ പരിഗണിക്കുന്നതിനും ഇതുവഴി സാധിക്കുന്നു. മാനസാന്തരത്തിന്റെ ദിവ്യമായ അനുഭവം സ്വന്തമാക്കുന്നതിൽ പരാജയപ്പെട്ടുപോകുന്നത് കാരുണ്യത്തിന്റെ നിറവ് ജീവിതത്തിൽ നിന്നും നഷ്ടപ്പെടുത്തുന്നതുകൊണ്ടാണ്.

വിശ്വാസത്താൽ പരീക്ഷിക്കപ്പെടുന്ന നമ്മുടെ സഹോദരങ്ങളെ നാം പരിഗണിക്കേണ്ടത് ആവശ്യമാണ്. സ്നേഹത്തിന്റെ പ്രകടനം മരണത്തേക്കാൾ ശക്തമാണ്. ഇന്നിന്റെ ഉപഭോഗസംസ്കാരത്തിന്റെ ശാപങ്ങളായ പാഴ്ച്ചെലവുകളും ധൂർത്തും നിസ്സംഗതയും അവസാനിപ്പിക്കാൻ നമുക്ക് പരിശ്രമിക്കാം. രോഗാതുരതയും എണ്ണമറ്റ മാറാരോഗങ്ങളുടെ പിടിയിൽ കഴിയുന്നവരുടെ എണ്ണവും വർദ്ധിച്ചുവരുന്നു. മനുഷ്യന് ഏറെ ഭീതിയും ദൈന്യതയും നല്കുന്ന രോഗങ്ങളിൽ കാൻസറിന് മുഖ്യസ്ഥാനമാണുള്ളത്. രോഗി അനുഭവിക്കുന്ന അതിദാരുണമായ വേദനകളും ചികിത്സയുടെയും മറ്റും ഭാഗമായി സംഭവിക്കുന്ന വൈരൂപ്യവും സാമ്പത്തിക തകർച്ചയും മറ്റും കണ്ടുനില്ക്കുന്നവരിൽ അത്യന്തം ഭീതി ഉളവാക്കുന്നു. ജീവിത ശൈലിയുടെ മാറ്റങ്ങൾകൊണ്ട് നമ്മുടെ കൊച്ചുകേരളത്തിൽ പ്രതിവർഷം 36,000 കാൻസർ രോഗികൾ വീതം ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നാണ് കണക്ക്. കഴിഞ്ഞ

മൂന്നു ദശകത്തിനുള്ളിൽ കേരളത്തിൽ കാൻസർ രോഗികളുടെ എണ്ണത്തിൽ 280 ശതമാനം വർദ്ധന ഉണ്ടായതായി സർക്കാരിന്റെ റീജിയണൽ കാൻസർ സെന്ററി (ആർ.സി.സി.) ന്റെ കണക്കുകളിൽ പറയുന്നു. ഇത്തരമൊരു സാഹചര്യത്തിലാണ് രൂപതയുടെ സാമൂഹ്യക്ഷേമപ്രവർത്തനവിഭാഗമായ ക്വയിലോൺ സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇൻന്ത്യയുമായി സഹകരിച്ച് **"ആശാകിരണം"** എന്ന കാൻസർ കെയർ പദ്ധതിക്കു തുടക്കമിട്ടിരിക്കുന്നത്. രോഗനിർണ്ണയ ക്യാമ്പുകൾ, വിവിധ ബോധവത്കരണ യജ്ഞങ്ങൾ, നിർധനരായ രോഗികളുടെ ചികിത്സയ്ക്ക് പ്രാദേശിക വിഭവസമാഹരണം തുടങ്ങിയവ ക്യു.എസ്.എസ്.എസ്. ആരംഭിച്ചിട്ടുണ്ട്. ഈ കരുണയുടെ വർഷം ഏറ്റവും ഫലദായകമാക്കുവാനുള്ള പദ്ധതിയായി ഇതിനെ സ്വീകരിക്കാൻ നിങ്ങളേവരോടും ഞാൻ അഭ്യർത്ഥിക്കുന്നു. നിർധന രോഗികൾക്കായുള്ള ആംബുലൻസ് സർവ്വീസ്, ആർ.സി.സി. ഉപേക്ഷിച്ച കാൻസർ രോഗികൾക്കുവേണ്ടി ഒരു പാലിയേറ്റീവ് കെയർ സെന്റർ എന്നിവ ഈ പദ്ധതിയുടെ സ്വപ്നങ്ങളായി അവശേഷിക്കുകയാണ്.

നമ്മുടെ വിശ്വാസങ്ങളും പാരമ്പര്യങ്ങളും മനോഭാവങ്ങളും ഇടപെടലുമൊക്കെ മനുഷ്യജീവന്റെ മൂല്യവും അന്തസ്സും ഉയർത്തിപ്പിടിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നതരത്തിലാകുമ്പോൾ വേദനിക്കുന്ന സഹോദരങ്ങളോടു ആർദ്രവും അനുഭാവപൂർണ്ണമായ നിലപാടുകളും സ്വീകരിക്കാൻ നമുക്കു കഴിയും. കാൻസർ രോഗത്തിനെതിരെ ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്ന ഈ ജനകീയ കർമ്മപദ്ധതിയിൽ ഇടവകകളും വിവിധ സ്ഥാപനങ്ങളും കോൺവെന്റുകളും ആശ്രമങ്ങളും, യുവജന പ്രസ്ഥാനങ്ങളും, വിവിധ ഭക്തസംഘടനകളും സജീവമായി പങ്കാളികളാകുക. ഈ കാരുണ്യവർഷത്തിൽ കാൻസറിനെതിരെയുള്ള ഒരു ചെറുത്തുനില്പ് അത്യന്താപേക്ഷിതമാണ്. ജൈവകൃഷി പരിപോഷണം, ജീവിതശൈലികളുടെയും ഭക്ഷണരീതികളുടെയും പുനഃക്രമീകരണം തുടങ്ങിയവ നടത്തിക്കൊണ്ട് കരുണയുടെ വക്താക്കളായി ഒത്തൊരുമയോടെ വർത്തിക്കാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

കഴിഞ്ഞ വർഷത്തെ (2015-16) നോമ്പുകാല പിരിവ് 11,52,435/- രൂപയായിരുന്നു. ദുരിതാശ്വാസം വിദ്യാഭ്യാസം രോഗീസഹായം എന്നിവയ്ക്കായി ക്വയിലോൺ സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി ഈ തുക വിനിയോഗിക്കുകയുണ്ടായി. ഈ വർഷവും കൂടുതൽ ഉപവി പ്രവർത്തനങ്ങളിലേക്ക് നമുക്കു ശ്രദ്ധ തിരിക്കാം. **നോമ്പുകാലത്തെ 4-ാമത്തെ ഞായറാഴ്ചയായ 2016 മാർച്ച് മാസം 6-ാം തീയതി വിവിധ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും ആശ്രമങ്ങളിലും തപസ്സുകാല പിരിവ് നടത്തുകയും ഏപ്രിൽ മാസം 15-ാം തീയതിക്കു മുമ്പായി രൂപതയുടെ സാമൂഹ്യസേവന സംഘടനയായ ക്യു.എസ്.എസ്.എസ്സിൽ എത്തിക്കേണ്ടതുമാണ്.** പരിശുദ്ധ അമ്മയെപ്പോലെ ദൈവത്തിന്റെ കാരുണ്യം പൂർണ്ണ സമ്മതത്തോടെ സ്വീകരിക്കാനും കാരുണ്യപ്രവർത്തികളും പ്രാർത്ഥനയും സഹവർത്തിത്വവും ശുശ്രൂഷാമനോഭാവവും പരിത്യാഗവും കൊണ്ട് ഈ നോമ്പുകാലം സമ്പുഷ്ടമാക്കാൻ ഏവരെയും സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ.

പൈതൃകാശിസ്സുകളോടെ,

ഈശോ മറിയത്തിൽ,

08-02-2016

✠ **സ്റ്റാൻലി റോമൻ**

**കൊല്ലം മെത്രാൻ**

---

***NB:*** *ഈ ഇടയലേഖനം 2016 ഫെബ്രുവരി 14-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിച്ച് വിശദീകരിക്കേണ്ടതാണ്.*